**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2563** **14-09-2023 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകളിൽ നിന്നും കടമെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. |
| (ബി) | 2016-21 കാലയളവിലും ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയും ഇപ്രകാരം സഹകരണ ബാങ്കിൽ നിന്നും എത്ര തവണ കടമെടുത്തിട്ടുണ്ട്; ഓരോ തവണയും എത്ര തുകയാണ് കടമെടുത്തത്; സാമ്പത്തിക വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; ആയതിന്റെ തിരിച്ചടവ് മാനദണ്ഡങ്ങൾ എന്താണെന്നും നാളിതുവരെ ഈ ഇനത്തിൽ എത്ര തുക തിരിച്ചടച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | 2016-21 കാലയളവിലും ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയും സഹകരണ ബാങ്കുകളിൽ നിന്നും വായ്പയായി തുകകളൊന്നും സർക്കാർ സമാഹരിച്ചിട്ടില്ല. |
| (സി) | സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ട്രഷറിയിലെ സ്ഥിരനിക്ഷേപ തുക വക മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇപ്രകാരം തുക വക മാറ്റുന്നതിന്റെയും പ്രസ്തുത തുക ട്രഷറി നിക്ഷേപത്തിലേക്ക് തിരികെ നൽകുന്നതിന്റെയും നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ട്രഷറിയിലെ സ്ഥിരനിക്ഷേപ തുക വക മാറ്റുവാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. |
| (ഡി) | 2016-21 കാലയളവിലും ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയും ട്രഷറിയിലെ സ്ഥിര നിക്ഷേപത്തിൽ നിന്നും മേൽപ്പറഞ്ഞ പ്രകാരം എത്ര തുക വക മാറ്റിയിട്ടുണ്ട്; വിശദാംശങ്ങൾ സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത തുകകൾ സ്ഥിര നിക്ഷേപത്തിലേക്ക് തിരികെ വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി ട്രഷറിയിലെ സ്ഥിരനിക്ഷേപ തുക വക മാറ്റുവാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ